പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3471 15/07/2015 ൽ മറുപടിക്ക്

**എരിപുരം താലൂക്ക് ആശുപത്രി**

| ചോദ്യം<br>**ശ്രീ. റ്റി.വി.രാജേഷ്** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ എരിപുരം താലൂക്ക് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) | നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ 2,50,000/- രൂപ അടങ്കലിൽ ഇൻസിനേറ്റർ, നീഡിൽ വെയ്സ്റ്റ് ഡിസ്പോസൽ, ഫാർമസിക്ക് ഡ്രൈനേജ് ഇവ സ്ഥാപിച്ചു.<br>ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടു പയോഗിച്ച് ഫാർമസി കെട്ടിടം, ബാത്ത്റൂമുകൾ, ഐ.പി. കെട്ടിടം, മെയിൽ/ഫീമെയിൽ വാർഡുകൾ ഇവ നവീകരിച്ചു<br>പുതുതായി ബാത്ത്റൂമുകൾ, വാട്ടർ ടാങ്ക് (കണക്ഷൻ സഹിതം) കോൺഫറൻസ് ഹാൾ ഇവയും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | വർദ്ധിച്ചു വരുന്ന വൃക്കരോഗികളുടെ എണ്ണം പരിഗണിച്ച് അവിടെ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | പ്രോപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | പ്രോപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**